# നവോദയ വിദ്യാലയ സമിതി

## 6 ാം ക്ലാസിലേക്കുള്ള ജവഹർ നവോദയ വിദ്യാലയ പ്രവേശന പരീക്ഷ (JNVST)– 2019 വിവരണ പത്രിക

## നവോദയ വിദ്യാലയ പദ്ധതി

### ആമുഖം

ദേശീയ വിദ്യാഭ്യാസ നയ (1986) ത്തിന്റെ ഭാഗമായിട്ടാണ് ഇന്ത്യാഗവൺമെന്റ് ജവഹർ നവോദയ വിദ്യാലയങ്ങൾ ആരംഭിച്ചത്. ഇപ്പോൾ 28 സംസ്ഥാനങ്ങളിലും 7 കേന്ദ്രഭരണ പ്രദേശങ്ങളിലുമായി ജവഹർ നവോദയ വിദ്യാലയങ്ങൾ(JNV) പ്രവർത്തിച്ചു വരുന്നു. 'നവോദയ വിദ്യാലയ സമിതി' എന്ന സ്വയം ഭരണ സ്ഥാപനത്തിലൂടെ ഇതിന്റെ സാമ്പത്തികവും ഭരണപരവുമായ മുഴുവൻ കാര്യങ്ങളും നിർവ്വഹിക്കുന്നത് കേന്ദ്രസർക്കാരാണ്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവേശനമുള്ള, താമസിച്ചു പഠിക്കാവുന്ന വിദ്യാലയങ്ങളാണ് ഇവ. **ജവഹർ നവോദയ വിദ്യാലയ പ്രവേശന പരീക്ഷ(JNVST)** വഴിയാണ് 6 ാം ക്ലാസിലേക്ക് പ്രവേശനം ലഭിക്കുന്നത്. ഈ വിദ്യാലയങ്ങളിലെ പഠനമാധ്യമം 8 ാം ക്ലാസ്സുവരെ മാതൃഭാഷയോ പ്രാദേശികഭാഷയോ ആയിരിക്കും. അതിനുശേഷം ഗണിതശാസ്ത്രം,സയൻസ് എന്നിവയ്ക്ക് ഇംഗ്ലീഷും സാമൂഹികശാസ്ത്രത്തിന് ഹിന്ദിയും ആയിരിക്കും. ഈ വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ 10 ാം ക്ലാസിലും 12 ാം ക്ലാസ്സിലും സി.ബി.എസ്.ഇ. പരീക്ഷയാണ് എഴുതുക. താമസം,ഭക്ഷണം, യൂണിഫോം, പാഠപുസ്തകങ്ങൾ, തുടങ്ങിയവ ഉൾപ്പടെ സൗജന്യവിദ്യാഭ്യാസമാണ് ജെ.എൻ.വി.യിലേത്. എങ്കിലും 9 ാം ക്ലാസ്സു മുതൽ 12 ാം ക്ലാസ്സു വരെയുള്ള കുട്ടികൾ മാസം തോറും 600 രൂപ വിദ്യാലയ വികാസ് നിധിയിലേക്ക് നൽകേണ്ടതാണ്. എന്നാൽ പട്ടികജാതി, പട്ടികവർഗ്ഗം, ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർ (BPL), പെൺകുട്ടികൾ, ഭിന്നശേഷിയുള്ളവർ എന്നിവർ ഈ തുക നൽകേണ്ടതില്ല. ഗവ: ജീവനക്കാരുടെ മക്കൾ പ്രതിമാസം 1500 രൂപയാണ് നൽകേണ്ടത്.

#### 1.1 ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ

1. ഗ്രാമപ്രദേശങ്ങളിലെ പ്രതിഭാശാലിയായ വിദ്യാർത്ഥികൾക്ക്, സാംസ്ക്കാരിക നിലവാരം സാഹസികത, പരിസ്ഥിതി ബോധം, കായികവിദ്യാഭ്യാസം എന്നിവയ്ക്ക് മുൻതൂക്കം നല്കിക്കൊണ്ടുള്ള മൂല്യാധിഷ്ഠിതമായ ഉന്നത ആധുനിക വിദ്യാഭ്യാസം ലഭ്യമാക്കുക.

2. മൂന്ന് ഭാഷകളിൽ പ്രാവീണ്യം നേടുന്നതിന് അനുയോജ്യമായ വിദ്യഭ്യാസം ഉറപ്പാക്കുക.

3. ഹിന്ദി, അഹിന്ദി പ്രദേശങ്ങളിലെ വിദ്യാർത്ഥികൾ തമ്മിൽ പരസ്പരമാറ്റനയത്തിലൂടെ വിദ്യാർത്ഥികളിൽ ദേശീയോദ്ഗ്രഥനചിന്ത വളർത്തുക.

4. ജില്ലകൾ തോറും അനുകരണയോഗ്യമായ മാതൃകാ വിദ്യാഭ്യാസ സ്ഥാപനമായി നിലകൊണ്ട് അതിലൂടെ വിദ്യാഭ്യാസ ഉന്നമനത്തിന് മറ്റ് വിദ്യാലയങ്ങളുമായി അനുഭവങ്ങളും സൗകര്യങ്ങളും പങ്കുവെയ്ക്കുക.

### 1.2 ജവഹർ നവോദയവിദ്യാലയങ്ങളുടെ സംസ്ഥാനം തിരിച്ചുള്ള പട്ടിക

നവോദയ വിദ്യാലയ പദ്ധതി അനുസരിച്ച് നിശ്ചിത സമയത്തിനുള്ളിൽ എല്ലാ ജില്ലകളിലും ഓരോ വിദ്യാലയം സ്ഥാപിക്കപ്പെടും. **28**സംസ്ഥാനങ്ങളിലും**7** കേന്ദ്രഭരണപ്രദേശങ്ങളിലുമായി ഇപ്പോൾ **661** വിദ്യാലയങ്ങൾ അനുവദിച്ചിട്ടുണ്ട്. ഇവയിൽ **629** പ്രവർത്തനനിരതമാണ്. സംസ്ഥാനങ്ങൾ തോറുമുള്ള വിദ്യാലയങ്ങളുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നു.

| | | | | | |
|---|---|---|---|---|---|
| ആന്ധ്രപ്രദേശ് | 13+2 | ഹിമാചൽപ്രദേശ് | 12 | പഞ്ചാബ് | 22+1 |
| ആസ്സാം | 27+1 | ജമ്മുകാശ്മീർ | 22+1 | പുതുച്ചേരി | 4 |
| അരുണാചൽ പ്രദേശ് | 18 | ഝാർഖണ്ഡ് | 24+2 | രാജസ്ഥാൻ | 33+2 |
| ആൻഡമാൻ&നിക്കോബാർ ദ്വീപ് | 3 | കർണ്ണാടക | 30+1 | സിക്കിം | 4 |
| ബീഹാർ | 38+1 | കേരളം | 14 | തെലുങ്കാന | 9 |
| ചണ്ഡീഗഢ് | 1 | ലക്ഷദ്വീപ് | 1 | ത്രിപുര | 8 |
| ഛത്തിസ്ഗഢ് | 27+1 | മധ്യപ്രദേശ് | 51+2+1* | ഉത്തർപ്രദേശ് | 75+1 |
| ഡൽഹി | 9 | മഹാരാഷ്ട്ര | 33+1 | ഉത്തരാഖണ്ഡ് | 13 |
| ദാമൻ& ദിയൂ | 2 | മണിപ്പൂർ | 9+2 | പശ്ചിമബംഗാൾ | 19+1 |
| ദാദർ & നഗർ ഹവേലി | 1 | മേഘാലയ | 11+1 | | |
| ഗോവ | 2 | മിസ്സോറാം | 8 | | |
| ഗുജറാത്ത് | 33+1 | നാഗാലാന്റ് | 11 | **ആകെ 638 + 22** +1* = 661** | |
| ഹരിയാന | 21 | ഒറീസ്സ | 30+1 | | |

**** ജനസംഖ്യാനുപാതത്തിൽ എസ്.സി.,എസ്.ടി വിഭാഗങ്ങൾ കൂടുതലുള്ള മേഖലകളിൽ കൂടുതലായി അനുവദിച്ച നവോദയ വിദ്യാലയങ്ങൾ.**

***പ്രത്യേകമായി അനുവദിച്ച ജെ. എൻ. വി.**

അപേക്ഷാർത്ഥികളുടെ എണ്ണമനുസരിച്ച് ഒരു വിദ്യാലയത്തിൽ 6 ാം ക്ലാസ്സിലേക്ക് പരമാവധി 80 കുട്ടികളെ പ്രവേശിപ്പിക്കുന്നതാണ്. താമസ സൗകര്യം ഇല്ലാത്ത പക്ഷം നവോദയ വിദ്യാലയ സമിതിക്ക് കുട്ടികളുടെ എണ്ണം 40 ആയി കുറക്കുന്നതിനോ പ്രവേശനപ്പരീക്ഷ നടത്താതിരിക്കുന്നതിനോ പരീക്ഷാഫലം/പ്രവേശനം തടഞ്ഞുവെയ്ക്കുന്നതിനോ അധികാരം ഉണ്ടായിരിക്കും.

### 1.3 ജവഹർ നവോദയ വിദ്യാലയ പ്രവേശന പരീക്ഷ (JNVST) - 2019

**2019-20** അദ്ധ്യയന വർഷത്തിലേക്കുള്ള ആറാംക്ലാസ്സ് പ്രവേശന പരീക്ഷയുടെ സമയം **2019 ഏപ്രിൽ 6 ശനിയാഴ്ച രാവിലെ 11.15.** എല്ലാ നവോദയ വിദ്യാലയങ്ങളിലേക്കും ഈ ഒരു ഘട്ടത്തിൽ തന്നെയായിരിക്കും പരീക്ഷ നടത്തപ്പെടുക.

**ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയ്യതി 30 നവംബർ 2018**

## ജവഹർ നവോദയ വിദ്യാലയ പ്രവേശന പരീക്ഷ (JNVST)യ്ക്ക് എങ്ങനെ അപേക്ഷ സമർപ്പിക്കാം?

### 2.1 'ജെ.എൻ.വി. പ്രവേശന പരീക്ഷ 2019' - അപേക്ഷ ഓൺലൈനിൽ രജിസ്റ്റർ ചെയ്യേണ്ട വിധം

1. ജെ.എൻ.വി. പ്രവേശന പരീക്ഷയ്ക്കുള്ള അപേക്ഷാ പ്രക്രിയ ഓൺലൈൻ വഴി ലളിതമാക്കിയിട്ടുണ്ട്, ഇത് സൗജന്യവുമാണ്. NVS വെബ്സൈറ്റ് www.navodaya.gov.in അഡ്മിഷൻ പോർട്ടൽ വഴി തികച്ചും സൗജന്യമായി രജിസ്റ്റർ ചെയ്യാവുന്നതാണ്. തിരഞ്ഞെടുക്കപ്പെട്ട അപേക്ഷകരുടെ താമസം, വയസ്സ്, യോഗ്യത തുടങ്ങിയവ തെളിയിക്കുന്ന രേഖകൾ ഫലം

പ്രഖ്യാപിച്ചതിന് ശേഷം നിശ്ചിത നടപടിക്രമങ്ങളിലൂടെ സൂക്ഷ്മവും വിശദവുമായ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

2. അഞ്ചാം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കുന്ന യോഗ്യരായ അപേക്ഷകർ ഓൺലൈൻ അപേക്ഷ പൂരിപ്പിക്കേണ്ടതും അതത് സ്കൂൾ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ നൽകുന്ന സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. ഇതിൽ അപേക്ഷകന്റെ ഫോട്ടോ, ഒപ്പ്, രക്ഷിതാവിന്റെ ഒപ്പ് എന്നിവ ഉണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. **അപ്‌ലോഡ് ചെയ്യുന്ന രേഖകൾ ജെ.പി.ജി. ഫോർമാറ്റിലുള്ളതും 10 മുതൽ 100 കെ.ബി. വരെ വലിപ്പത്തിലുള്ളതും ആയിരിക്കണം.**
3. NIOS വഴിയുള്ള അപേക്ഷകർ 'B'സർട്ടിഫിക്കറ്റും സ്ഥിരവാസ സാക്ഷ്യപത്രവും അപേക്ഷിക്കുന്ന സ്കൂൾ സ്ഥിതി ചെയ്യുന്ന ജില്ലയിലേത് തന്നെയായിരിക്കണം.
4. ഓൺലൈൻ പ്ലാറ്റ്ഫോം സ്വതന്ത്രവും സൗജന്യവുമാണ്. മൊബൈൽ, ടാബ്ലെറ്റ്, ലാപ്‌റ്റോപ്പ് തുടങ്ങിയവ വഴിയും അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.
5. അപേക്ഷകന്/രക്ഷിതാവിന് അപേക്ഷ അപ്‌ലോഡ് ചെയ്യാൻ സഹായിക്കുന്ന ഒരു ഹെൽപ് ഡെസ്കിന്റെ സേവനം എല്ലാ നവോദയ വിദ്യാലയങ്ങളിലും ല്ഭ്യമാണ്. ഇത് തികച്ചും സൗജന്യവുമാണ്. മൊബൈൽ ഫോൺ, സ്കൂളിൽ നിന്ന് നൽകുന്ന സർട്ടിഫിക്കറ്റ്, അപേക്ഷകന്റെ ഫോട്ടോ തുടങ്ങിയ അവശ്യ രേഖകൾ സഹിതം രക്ഷിതാവിന് അപേക്ഷകനൊപ്പം നവോദയ വിദ്യാലയത്തിലെത്തി ഹെൽപ് ഡെസ്കിന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

### 2.2. അഡ്മിറ്റ് കാർഡുകളുടെ വിതരണം

2019 മാർച്ച് 1 മുതൽ ജെ.എൻ.വി.എസ്.റ്റി പരീക്ഷ നടക്കുന്നതിന് മുമ്പ് വരെ എപ്പോൾ വേണമെങ്കിലും പോർട്ടലിൽ നിന്ന് ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

### 2.3. പ്രവേശന പരീക്ഷാഫലം

ജെ.എൻ.വി. പ്രവേശന പരീക്ഷ-2019 ഫലം 2019 മെയ് ആദ്യവാരം പ്രതീക്ഷിക്കാവുന്നതാണ്. പരീക്ഷാഫലം ചുവടെ കൊടുക്കുന്ന കാര്യാലയങ്ങളിൽ വിജ്ഞാപനം ചെയ്യപ്പെടു ന്നതാണ്.

(1) ജവഹർ നവോദയ വിദ്യാലയം

(2) ജില്ലാ വിദ്യാഭ്യാസ കാര്യാലയം

(3) ജില്ലാ മജിസ്ട്രേറ്റ് കാര്യാലയം

(4) ഡെപ്യൂട്ടി കമ്മീഷണർ, നവോദയ വിദ്യാലയ സമിതി പ്രാദേശിക കാര്യാലയം

(5) നവോദയ വിദ്യാലയ സമിതിയുടെ www.navodaya.gov.in എന്ന വെബ്സൈറ്റിൽ പരീക്ഷാഫലം പ്രസിദ്ധീകരിക്കപ്പെടുന്നതാണ്. അഡ്മിഷൻ പോർട്ടൽ വഴി അപേക്ഷകർക്ക് പരീക്ഷാഫലം പരിശോധിക്കാം.

കൂടാതെ തെരെഞ്ഞെടുക്കപ്പെടുന്ന അപേക്ഷാർത്ഥികളെ ബന്ധപ്പെട്ട നവോദയ വിദ്യാലയ പ്രിൻസിപ്പാൾ രജിസ്റ്റേഡ് മൊബൈൽ ഫോണിൽ SMS വഴിയും തുടർന്ന് സ്പീഡ്പോസ്റ്റ് വഴിയും അറിയിക്കുന്നതാണ്.

## 3. തിരെഞ്ഞെടുപ്പും പ്രവേശനവും

3.1) കേവലം പ്രവേശന പരീക്ഷയിലുള്ള വിജയം ഒരാളെ ജവഹർ നവോദയ വിദ്യാലയത്തിൽ പ്രവേശനം ലഭിക്കുന്നതിന് അർഹനാക്കുന്നില്ല. പ്രവേശനത്തിന് വരുന്ന സമയത്ത് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള അപേക്ഷകർ നവോദയ വിദ്യാലയ സമിതി നിർദേശിച്ചിട്ടുള്ള നിശ്ചിത സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്. അങ്ങനെ പ്രവേശനം ലഭിക്കുന്നതു വരെ ഇവരുടെ

പ്രവേശനം താത്കാലികമായിരിക്കും. **തെരെഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥിയുടെ ആവശ്യമായ രേഖകൾ അതത് നവോദയ വിദ്യാലയത്തിൽ പരിശോധിക്കപ്പെട്ടതിനും അഡ്മിഷൻ ഉറപ്പായതിനും ശേഷം മാത്രം, വിദ്യാർത്ഥി പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാലയത്തിൽ ടി.സി.ക്ക് അപേക്ഷിക്കുന്ന തായിരിക്കും ഉചിതം.**

3.2) പ്രവേശന കാര്യത്തിൽ എന്തെങ്കിലും തർക്കങ്ങൾ ഉണ്ടായാൽ നവോദയ വിദ്യാലയ സമിതിയുടെ തീരുമാനം അന്തിമവും അത് അപേക്ഷകന് ബാധകവുമായിരിക്കും.

3.3) തിരഞ്ഞെടുക്കപ്പെട്ടവരേയും അല്ലാത്തവരേയും പ്രവേശനപരീക്ഷയിൽ ലഭിച്ച മാർക്ക് അറിയിക്കുന്നതല്ല.

3.4) പരീക്ഷാഫലം കമ്പ്യൂട്ടർ വഴി തയ്യാറാക്കുന്നതിനാലും ഫലം തയ്യാറാക്കുന്ന പ്രക്രീയകൾ സമഗ്രമായ പരിശോധനകൾക്ക് വിധേയമാക്കപ്പെടുന്നതിനാലും ഉത്തരക്കടലാസുകൾ പുനർമൂല്യ നിർണ്ണയം ചെയ്യുന്നതിന് വ്യവസ്ഥയില്ല. മാർക്ക് വീണ്ടും കൂട്ടി നോക്കുന്നതിനുള്ള അപേക്ഷകളും പരിഗണിക്കുന്നതല്ല.

3.5) ഒമ്പതാം ക്ലാസിലേക്ക് സ്ഥാനക്കയറ്റം കിട്ടുമ്പോൾ ഹിന്ദി സംസാരിക്കുന്ന പ്രദേശങ്ങളിലെ വിദ്യാർത്ഥികൾ അഹിന്ദി പ്രദേശങ്ങളിലെ നവോദയ വിദ്യാലയങ്ങളിലേക്കും തിരിച്ചും സ്ഥലം മാറിപ്പോയി പഠിക്കേണ്ടതിന് 'NVSകർമ്മപദ്ധതി' പ്രകാരം നിർബന്ധിതരാണെന്ന കാര്യം അപേക്ഷകരും രക്ഷിതാക്കളും മനസ്സിലാക്കിയിരിക്കണം. അവർ അതിന് സന്നദ്ധരുമായിരിക്കണം. അപ്രകാരം സ്ഥാനമാറ്റം കിട്ടിയ വിദ്യാർത്ഥി അത് നിരസിച്ചാൽ വിദ്യാലയത്തിൽ തുടർന്ന് പഠിക്കാൻ അനുവദിക്കുന്നതല്ല.

3.6) അപേക്ഷകർക്ക് പരീക്ഷ എഴുതാൻ അനുവദിച്ച ജില്ലയിലെ നവോദയ വിദ്യാലയത്തിൽ മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ എന്ന കാര്യം അപേക്ഷകരും രക്ഷിതാക്കളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. യാതൊരു കാരണവശാലും ഒരു ജില്ലയിൽ നിന്ന് തിരഞ്ഞെടുക്കുന്നവരെ മറ്റൊരു ജില്ലയിലെ നവോദയ വിദ്യാലയത്തിൽ പ്രവേശിപ്പിക്കുന്നതല്ല. പഠനമാധ്യമത്തിന്റെ പേരിലോ, രക്ഷിതാക്കളുടെ ജില്ലാ, സംസ്ഥാനതല സ്ഥലംമാറ്റങ്ങളുടെ പേരിലോ വിദ്യാർഥികളെ മറ്റൊരു നവോദയ വിദ്യാലയത്തിലേക്ക് മാറ്റാനുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല.

3.7) പട്ടികജാതി/പട്ടികവർഗ്ഗങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർ പ്രവേശന സമയത്ത് ജാതിതെളിയിക്കുന്ന സർട്ടിഫിക്കറ്റ് അധികാരപ്പെട്ടവരിൽ നിന്ന് വാങ്ങിച്ച് ബന്ധപ്പെട്ട നവോദയ വിദ്യാലയ പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്. പ്രവേശനം ആഗ്രഹിക്കുന്ന വർഷം **ഏപ്രിൽ മാസം 15 ാം** തീയ്യതിക്കു മുമ്പ് മേല്പ്പറഞ്ഞ സർട്ടിഫിക്കറ്റ് അധികാരപ്പെട്ടവരിൽ നിന്ന് വാങ്ങിച്ച് ബന്ധപ്പെട്ട നവോദയ പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്. ഉദാഹരണത്തിന് അപേക്ഷകൻ **2019–20** വർഷത്തേക്കുള്ള അഡ്മിഷനാണ് ആഗ്രഹിക്കുന്നതെങ്കിൽ **15 ഏപ്രിൽ 2019** ന് മുമ്പായി സർട്ടിഫിക്കറ്റ് സമർപ്പിച്ചിരിക്കണം.

3.8) ഗ്രാമവിഭാഗം സംവരണത്തിൽ അപേക്ഷ അയക്കുന്നവർ 3,4,5 ക്ലാസ്സുകളിൽ പഠിച്ച സ്കൂളുകൾ ഗ്രാമത്തിലാണ് എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, പ്രവേശനം നേടുമ്പോൾ ഹാജരാക്കേണ്ടതാണ്.

3.9) ഭിന്നശേഷി വിഭാഗത്തിൽ പെടുന്ന അപേക്ഷകർ (അസ്ഥി സംബന്ധമായോ, കേൾവി സംബന്ധ മായോ, കാഴ്ച സംബന്ധമായോ വൈകല്യമുള്ളവർ) തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ പ്രവേശന സമയത്ത് ജില്ലാ ചീഫ് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

3.10) ട്രാൻസ്ജെന്റർ വിഭാഗത്തിലെ അപേക്ഷകർ സംസ്ഥാന സർക്കാർ നിർദേശിച്ചിട്ടുള്ള അധികാരിയിൽ നിന്ന് ലിംഗ സംബന്ധമായ പ്രമാണ പത്രങ്ങൾ ആവശ്യസമയത്ത് സമർപ്പിക്കേ ണ്ടതാണ്. ഈ വിഭാഗത്തിന് സംവരണം ലഭിക്കുന്നതല്ല.

## 4. ആർക്കെല്ലാമാണ് അർഹതയുള്ളത് ?

**എല്ലാ അപേക്ഷകർക്കും ബാധകമായത്:**

4.1) 2018–19 അധ്യയന വർഷത്തിൽ ഗവ/എയ്ഡഡ്/അംഗീകൃത വിദ്യാലയത്തിൽ 5 ാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അതത് ജില്ലയിലെ നവോദയ വിദ്യാലയത്തിലേക്ക് അപേക്ഷിക്കാം.

4.2) പ്രവേശനത്തിന് അപേക്ഷിക്കുന്നവർ **1-05-2006 ന് മുമ്പോ 30-04-2010 ന് ശേഷമോ** ജനിച്ച വരായിരിക്കരുത്. പട്ടികജാതി, പട്ടികവർഗ്ഗമുൾപ്പെടെ എല്ലാ വിഭാഗങ്ങളിൽ നിന്നുമുള്ള അപേക്ഷാ ർത്ഥികൾക്കും ഈ നിബന്ധന ബാധകമാണ്. പ്രവേശനം ആഗ്രഹിക്കുന്ന അപേക്ഷകന് പ്രായാധി ക്യം തോന്നിയാൽ അവരുടെ പ്രായം നിശ്ചയിക്കാൻ മെഡിക്കൽ ബോർഡിന്റെ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. മെഡിക്കൽ ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കും.

4.3) പ്രവേശന പരീക്ഷാർത്ഥികൾ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന ജില്ലയിലുള്ള ഏതെങ്കിലും സർക്കാർ/ സർക്കാർ എയ്ഡഡ്/അംഗീകൃത സ്കൂളുകൾ എന്നിവയിൽ പഠിക്കുന്നവരോ അതത് ജില്ലകളിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്ക്കൂൾ ബി. സർട്ടിഫിക്കറ്റിന് പഠിക്കുന്നവരോ **2018–19** അധ്യയന വർഷം മുഴുവനും അഞ്ചാം ക്ലാസ്സിൽ പഠിക്കുന്നവരുമായിരിക്കണം. സർക്കാരോ സർക്കാർ നിയുകത ഏജൻസി കളോ അംഗീകരിച്ചിട്ടുള്ളതായി പ്രഖ്യാപിച്ചിട്ടുള്ള സ്കൂളുകളെ മാത്രമേ അംഗീകൃത സ്കൂളുകളായി കണക്കാക്കുകയുള്ളൂ. സർക്കാരോ സർക്കാർ നിയുക്ത സമിതിയോ നടത്തുന്ന സർവ്വശിക്ഷാ അഭയാന് മാത്രമേ അംഗീ കാരമുള്ളൂ. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്ക്കൂൾ ബി. സർട്ടിഫിക്കറ്റ് കോഴ്സു ള്ള വിദ്യാലയങ്ങൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്ക്കൂൾ അംഗീകരിച്ചതായിരിക്കണം. **2018–19** അധ്യയന വർഷത്തിൽ അപേക്ഷാർത്ഥി വിജയകരമായി അഞ്ചാം ക്ലാസ് പഠനം പൂർത്തിയാക്കിയിരിക്കണം. **2019–20** ൽ ആറാം ക്ലാസിലേക്കുള്ള പ്രവേശനം ഈ വ്യവസ്ഥയുടെ അടിസ്ഥാനത്തിലായിരിക്കും.

4.4) ഗ്രാമീണക്വാട്ടയിൽ അപേക്ഷിക്കുന്നവർ നിർബന്ധമായും ഗ്രാമപ്രദേശത്തുള്ള ഗവ:, ഗവ: എയ്ഡഡ്, ഗവ: അംഗീകൃത വിദ്യാലയത്തിൽ 3,4,5, ക്ലാസ്സുകളിൽ ഓരോ പൂർണ്ണ അധ്യയന വർഷവും ചെലവഴിച്ച് പഠിച്ച് വിജയിച്ചവരായിരിക്കണം.

4.5) നാഷണൽ ഓപ്പൺ സ്ക്കൂളിംഗിലെ 'ബി സർട്ടിഫിക്കറ്റോട്' കൂടി **2018 സെപ്തംബർ 30** നോ അതിനു മുമ്പോ യോഗ്യത നേടിയവർ നിശ്ചിത പ്രായപരിധിയിൽ വരിക യാണെങ്കിൽ പ്രവേശന പരീക്ഷ എഴുതുവാൻ അർഹരാണ്. അപ്രകാരമുള്ള അപേക്ഷ കൾ ഡി.ഇ.ഒ./ഡി.ഐ.ഒ.എസ് സാക്ഷ്യപ്പെടുത്തേണ്ടതാണ്. അധികാരപ്പെടു ത്തിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ,നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്ക്കൂൾ എന്നീ വിഭാഗത്തിലുള്ള അപേക്ഷകരുടെ ഗ്രാമീണപശ്ചാത്തലം തെളിയിക്കുന്നതിനുള്ള സർട്ടി ഫിക്കറ്റ് തഹസിൽദാരിൽ നിന്നോ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റിൽ നിന്നോ ഹാജരാക്കേണ്ടതാണ്. അപേക്ഷകൻ മൂന്ന് വർഷമായി ഗ്രാമീണ മേഖലയിൽ താമസിച്ചു വരുന്നവരാണെന്ന് സക്ഷ്യപ്പെടുത്തിക്കൊണ്ടുള്ളതായിരിക്കണം പ്രസ്തുത സർട്ടിഫിക്കറ്റ്. മുകളിൽ പറഞ്ഞിരിക്കുന്ന പ്രത്യേക പാഠ്യപദ്ധതികളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ നഗര പ്രദേശത്തുള്ളവ രാണെങ്കിൽ ഗ്രാമീണ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതല്ല.

4.6) ഏതെങ്കിലും ജില്ലകളിൽ നവോദയ വിദ്യാലയം ആരംഭിക്കുകയും പിന്നീട് ആ ജില്ല വിഭജിക്ക പ്പെടുകയും ചെയ്താൽ പുതിയതായി രൂപീകരിച്ച ജില്ലയിൽ പുതിയ നവോദയ വിദ്യാലയം ആരംഭിച്ചിട്ടില്ലെങ്കിൽ പഴയ ജില്ലയുടെ അതിരുകൾ തന്നെ പ്രവേശനപ്പരീക്ഷയ്ക്ക് അപേക്ഷിക്കുന്നതിന് യോഗ്യതയായി കണക്കാക്കുന്നതാണ്.

4.7) **2018 സെപ്തംബർ 15 ന്** മുമ്പ് അഞ്ചാം ക്ലാസിലേക്ക് സ്ഥാനക്കയറ്റവും പ്രവേശനവും ലഭിച്ചിട്ടില്ലാത്തവർ അപേക്ഷ സമർപ്പിക്കുവാൻ അർഹരല്ല.

**4.8) ഒരു അപേക്ഷകന് ഒരു സാഹചര്യത്തിലും രണ്ടു തവണ പ്രവേശനപരീക്ഷയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.**

## ഗ്രാമീണ അപേക്ഷകർക്ക് ബാധകമായത്

എ) ഒരു ജില്ലയിൽ നിന്നുള്ള 75% സീറ്റുകളെങ്കിലും ഗ്രാമപ്രദേശങ്ങളിൽ നിന്നുള്ള അപേക്ഷകർക്കായും ബാക്കിയുള്ള സീറ്റുകൾ ആ ജില്ലയിലുള്ള നഗരപ്രദേശങ്ങളിലുള്ള അപേക്ഷകർക്കായും സംവരണം ചെയ്തിരിക്കുന്നു.

ബി) ഗ്രാമീണ ക്വാട്ടയിൽ അപേക്ഷിക്കുന്നവർ നിർബന്ധമയും ഗ്രാമപ്രദേശത്തുള്ള ഏതെങ്കിലും സർക്കാർ/ സർക്കാർ എയ്ഡഡ്/അംഗീകൃത സ്കൂളുകളിലെ 3,4,5 ക്ലാസ്സുകളിൽ പൂർണ്ണ അധ്യയന വർഷങ്ങളും ചെലവഴിച്ച് പഠിച്ചവരായിരിക്കണം. കൂടാതെ, അഡ്മിഷൻ ആഗ്രഹിക്കുന്ന ജില്ലയിലെ സ്കൂളിൽ ത്തന്നെ 5 ാം ക്ലാസ്സ് അധ്യയന വർഷം പൂർത്തിയാക്കിയിരിക്കണം.

സി.) നാഷണൽ ഓപ്പൺ സ്ക്കൂളിംഗ് പ്രകാരം പഠിക്കുന്ന കുട്ടികൾ ഗ്രാമീണ പശ്ചാത്തലം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ തഹ്സിൽദാരിൽ നിന്നോ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റിൽ നിന്നോ ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസറിൽ നിന്നോ ഹാജരാക്കേണ്ടതാണ്.

## നഗരപ്രദേശത്തുള്ള അപേക്ഷകർക്ക് ബാധകമായത്.

ജില്ലയിലെ നഗരങ്ങളിലെ ഏതെങ്കിലും സ്കൂളുകളിൽ 3,4,5 ക്ലാസ്സുകളിൽ ഏതെങ്കിലും ഒന്നിൽ പ്രവേശനം ലഭിച്ച് ഒരു ദിവസമെങ്കിലും പഠിച്ചിട്ടുള്ളവർ നഗരപ്രദേശത്തുള്ള അപേക്ഷകരായി പരിഗണിക്കപ്പെടും. **2011** ലെ സെൻസസിലോ അഥവാ അതിനുശേഷമുള്ള ഏതെങ്കിലും ഗവ: വിജ്ഞാപനത്തിലോ നിർവചിക്കപ്പെട്ടിട്ടുള്ള പ്രദേശങ്ങളെ മാത്രമാണ് നഗരപ്രദേശങ്ങളായി കണക്കാക്കുക. മറ്റെല്ലാ പ്രദേശങ്ങളും ഗ്രാമീണ പ്രദേശങ്ങളായി പരിഗണിക്കപ്പെടും.

### ട്രാൻസ്ജെന്ററായ അപേക്ഷകർക്ക് ബാധകമായത്

**ട്രാൻസ്ജെന്ററായ അപേക്ഷകർക്ക് പ്രത്യേകം സംവരണമില്ല. ഇവരിൽ ഗ്രാമം, പട്ടണം, എസ്.സി, എസ്.ടി., ഭിന്നശേഷി എന്നീ വിഭാഗക്കാരെ സംവരണത്തിനായി അതത് വിഭാഗത്തിലെ ആൺകുട്ടികളിൽ ഉൾപ്പെടുത്തുന്നതാണ്.**

### സീറ്റ് സംവരണം

എ) ഒരു ജില്ലയിലെ ഏറ്റവും കുറഞ്ഞത് 75% സീറ്റുകളെങ്കിലും ആ ജില്ലയിലെ ഗ്രാമപ്രദേശങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്നവർക്കായും ബാക്കിയുള്ള സീറ്റുകൾ ആ ജില്ലയിലുള്ള നഗരപ്രദേശങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്നവർക്കായും സംവരണം ചെയ്തിരിക്കുന്നു.

ബി) പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കായുള്ള സംവരണം ബന്ധപ്പെട്ട ജില്ലയിലെ അവരുടെ ജനസംഖ്യാനുപാതത്തിന്റെ അടിസ്ഥാനത്തിലായിരിക്കും കണക്കാക്കപ്പെടുന്നത്. എന്നാൽ അങ്ങനെ കണക്കാക്കപ്പെടുമ്പോൾ ഒരു ജില്ലയിലും അവരുടെ സംവരണം ദേശീയ ശരാശരിയിൽ (15% എസ്.സി., 7.5% എസ്.ടി.)കുറയാനോ ഇരുവിഭാഗ (എസ്.സി., എസ്.ടി.)ത്തിനുമായി 50% ത്തിൽ കൂടാനോ പാടില്ല. ഈ സംവരണം ഓപ്പൺ മെറിറ്റിന് ഉപരിയായുള്ളതും പരസ്പരം മാറാവുന്നതുമാണ്.

സി.) ഒരു ജില്ലയിലെ ആകെ സീറ്റിൽ മൂന്നിൽ ഒരു ഭാഗം പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

ഡി.) 3% സീറ്റുകൾ ഭിന്നശേഷിക്കാർക്കായ് സംവരണം ചെയ്തിരിക്കുന്നു. (അസ്ഥി സംബന്ധമായോ, കേൾവി സംബന്ധമായോ, കാഴ്ച സംബന്ധമായോ വൈകല്യ മുള്ളവർ)

**<u>അന്ധത</u> : അന്ധതകൊണ്ടുദ്ദേശിക്കുന്നത്:

1. പരിപൂർണ്ണമായ കാഴ്ച പരിമിതി അല്ലെങ്കിൽ

2. കണ്ണട ഉപയോഗിച്ച് കിട്ടാവുന്ന പരമാവധി കാഴ്ച 6/60 അഥവാ 20/200 സ്നെലെൺ ൽ താഴെയുള്ളവർ

3. ദൃശ്യമേഖല 20 യോ അതിൽ കുറവോ ഉള്ളവർ

** <u>ബധിരത :</u>

60 ഡെസിബൽ തരംഗ ദൈർഘ്യത്തിൽ താഴെയുള്ള ശബ്ദം കേൾക്കാൻ കഴിയാത്തവർ

** <u>ചലന വൈകല്യം</u>:

അസ്ഥികൾക്കും സന്ധികൾക്കും പേശികൾക്കുമുള്ള പരിമിതി മൂലമോ മസ്തിഷ്കത്തി ന്റെ പരിമിതി മൂലമോ കൈകാലുകളുടെ ചലനശേഷി കുറഞ്ഞവർ.

** <u>ശാരീരിക വൈകല്യം</u>:

40% ൽ കുറയാത്ത ശാരീരിക പരിമിതി ഉള്ളതായി മെഡിക്കൽ അതോറിറ്റി സാക്ഷ്യപ്പെടുത്തിയിട്ടു ള്ളവരെ ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## തെരെഞ്ഞെടുക്കപ്പെട്ടതിന് ശേഷം സമർപ്പിക്കേണ്ട രേഖകൾ

**പ്രവേശനപ്പരീക്ഷയിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടെ രക്ഷിതാക്കൾ അഡ്മിഷൻ സമയത്ത് താഴെപ്പറയുന്ന രേഖകൾ പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതാണ്.**

1. നിർദ്ദിഷ്ട മാതൃകയിലുള്ള സ്ഥിരതാമസ സാക്ഷ്യപത്രം(NIOS വഴി പഠനം നടത്തുന്ന വിദ്യാർത്ഥിക ൾക്ക് മാത്രം)

2.ജനനതീയ്യതി തെളിയിക്കുന്ന രേഖ.

3. NVS നിർദ്ദേശിക്കുന്ന യോഗ്യതകൾ തെളിയിക്കുന്ന രേഖകൾ.

4. ഗ്രാമപ്രദേശ സംവരണത്തിൽ അപേക്ഷിക്കുന്നവർ, പഠിക്കുന്ന വിദ്യാലയം സ്ഥിതി ചെയ്യുന്നത് ഗ്രാമപ്രദേശത്താണ് എന്ന് തെളിയിക്കുന്ന രേഖ.

5. ആവശ്യമെങ്കിൽ മറ്റേതെങ്കിലും രേഖ.

## പ്രവേശന പരീക്ഷ സംബന്ധിച്ച കാര്യങ്ങൾ

**1. പരീക്ഷാകേന്ദ്രം**

അഡ്മിറ്റ് കാർഡിൽ കാണിച്ചിരിക്കുന്ന പരീക്ഷാകേന്ദ്രത്തിൽ അപേക്ഷകർ പ്രവേശനപരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ്. യാതൊരു കാരണവശാലും മറ്റുകേന്ദ്രങ്ങളിൽ പരീക്ഷ എഴുതുവാൻ അപേക്ഷകരെ അനുവദിക്കുന്നതല്ല. പരീക്ഷാകേന്ദ്രം മാറ്റിക്കിട്ടുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കു ന്നതല്ല. ശരിയായ അഡ്മിറ്റ് കാർഡ് ഹാജരാക്കാതെ അപേക്ഷകനെ പരീക്ഷയെഴുതാൻ അനുവദിക്കു ന്നതല്ല. നവോദയ വിദ്യാലയ സമിതിയുടെ **www.navodaya.gov.in** എന്ന വെബ്സൈറ്റിൽ നിന്ന് അഡ്മിറ്റ്കാർഡ് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

**2. പരീക്ഷാ ഭാഷ**

ജവഹർ നവോദയ വിദ്യാലയ പ്രവേശന പരീക്ഷ വിവിധ ഭാഷകളിൽ നടത്തപ്പെടുന്നു. ഓരോ സംസ്ഥാനത്തും ഏതൊക്കെ ഭാഷകളിൽ പരീക്ഷ നടത്തപ്പെടുന്നു. എന്നതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| സംസ്ഥാനം | ഭാഷകൾ |
|---|---|
| ആൻഡമാൻ&നിക്കോബാർ ദ്വീപ് | ഹിന്ദി, ഇംഗ്ലീഷ്, തമിഴ്, ഉറുദു, ബംഗ്ല. |
| ആന്ധ്രപ്രദേശ് | ഹിന്ദി, ഇംഗ്ലീഷ്, തെലുങ്ക്, മറാത്തി, ഉറുദു, ഒറിയ, കന്നട. |
| അരുണാചൽ പ്രദേശ് | ഹിന്ദി, ഇംഗ്ലീഷ്. |
| ആസ്സാം | ഹിന്ദി, ഇംഗ്ലീഷ്, ആസ്സാമീസ്, ബോഡോ, മണിപ്പൂരി (ബംഗ്ല ലിപി) മണിപ്പൂരി (മീറ്റെയ് മായെക്) ഗാരോ, ബംഗ്ല. |
| ബീഹാർ | ഹിന്ദി, ഇംഗ്ലീഷ്, ഉറുദു. |
| ചണ്ഡീഗഡ് | ഹിന്ദി, ഇംഗ്ലീഷ്, പഞ്ചാബി. |
| ഛത്തിസ്ഗഡ് | ഹിന്ദി, ഇംഗ്ലീഷ്, |
| ഡൽഹി | ഹിന്ദി, ഇംഗ്ലീഷ്, |
| ഗോവ | ഹിന്ദി, ഇംഗ്ലീഷ്, മറാത്തി, കന്നട. |
| ഗുജറാത്ത് | ഹിന്ദി, ഇംഗ്ലീഷ്, ഗുജറാത്തി, മറാത്തി. |
| ഹരിയാന | ഹിന്ദി, ഇംഗ്ലീഷ്, |
| ഹിമാചൽപ്രദേശ് | ഹിന്ദി, ഇംഗ്ലീഷ്, |
| ജമ്മുകാശ്മീർ | ഹിന്ദി, ഇംഗ്ലീഷ്, ഉറുദു. |
| ഝാർഖണ്ഡ് | ഹിന്ദി, ഇംഗ്ലീഷ്, ഒറിയ, ഉറുദു. |
| കർണ്ണാടക | ഹിന്ദി, ഇംഗ്ലീഷ്, കന്നട, തെലുങ്ക്, മറാത്തി, ഉറുദു, മലയാളം, തമിഴ്. |
| കേരളം | ഹിന്ദി, ഇംഗ്ലീഷ്, മലയാളം, തമിഴ്, കന്നട. |
| ലക്ഷദ്വീപ് | ഹിന്ദി, ഇംഗ്ലീഷ്, മലയാളം. |
| മധ്യപ്രദേശ് | ഹിന്ദി, ഇംഗ്ലീഷ്, ഗുജറാത്തി, മറാത്തി. |
| മഹാരാഷ്ട്ര | ഹിന്ദി, ഇംഗ്ലീഷ്, കന്നട, തെലുങ്ക്, മറാത്തി, ഉറുദു, ഗുജറാത്തി. |
| മണിപ്പൂർ | ഹിന്ദി, ഇംഗ്ലീഷ്, മണിപ്പൂരി (മീറ്റെയ് മായെക്) |
| മേഘാലയ | ഹിന്ദി, ഇംഗ്ലീഷ്, ഖാസി, ഗാരോ, ആസ്സാമീസ്, ബംഗ്ല. |
| മിസ്സോറാം | ഹിന്ദി, ഇംഗ്ലീഷ്, മിസ്സോ. |
| നാഗാലാന്റ് | ഹിന്ദി, ഇംഗ്ലീഷ്, |
| ഒറീസ്സ | ഹിന്ദി, ഇംഗ്ലീഷ്, ഒറിയ, തെലുങ്ക്, ഉറുദു. |
| പുതുച്ചേരി | ഹിന്ദി, ഇംഗ്ലീഷ്, തമിഴ്. മലയാളം, തെലുങ്ക്. |
| പഞ്ചാബ് | ഹിന്ദി, ഇംഗ്ലീഷ്, പഞ്ചാബി. |
| രാജസ്ഥാൻ | ഹിന്ദി, ഇംഗ്ലീഷ്, |
| സിക്കിം | ഹിന്ദി, ഇംഗ്ലീഷ്, നേപ്പാളി. |
| തെലുങ്കാന | ഹിന്ദി, ഇംഗ്ലീഷ്, കന്നട, തെലുങ്ക്, മറാത്തി, ഉറുദു. |
| ത്രിപുര | ഹിന്ദി, ഇംഗ്ലീഷ്, ബംഗ്ല. |
| ദാമൻ& ദീയൂ | ഹിന്ദി, ഇംഗ്ലീഷ്, ഗുജറാത്തി. |
| ദാദർ & നഗർ ഹവേലി | ഹിന്ദി, ഇംഗ്ലീഷ്, ഗുജറാത്തി, മറാത്തി. |
| ഉത്തർപ്രദേശ് | ഹിന്ദി, ഇംഗ്ലീഷ്, ഉറുദു. |
| ഉത്തരാഖണ്ഡ് | ഹിന്ദി, ഇംഗ്ലീഷ്, ഉറുദു. |
| പശ്ചിമബംഗാൾ | ഹിന്ദി, ഇംഗ്ലീഷ്, ബംഗ്ല, ഉറുദു, നേപ്പാളി. |

**Note:-** <u>അപേക്ഷാഫോറത്തിൽ ആവശ്യപ്പെടുന്ന ഭാഷയിൽ അപേക്ഷകന് ചോദ്യപുസ്തകം നല്കപ്പെടും.</u>

**3. പരീക്ഷയുടെ ഘടന**

ഒബ്ജെക്റ്റീവ് രീതിയിലുള്ള ചോദ്യങ്ങൾ മാത്രമടങ്ങുന്ന മൂന്ന് വിഭാഗങ്ങൾ ഉള്ളതും രണ്ട് മണിക്കൂർ സമയദൈർഘ്യം അനുവദിക്കപ്പെട്ടിട്ടുള്ളതുമാണ് പ്രവേശന പരീക്ഷ. ആകെ 100 മാർക്കിനുള്ള 80 ചോദ്യങ്ങൾ ഉണ്ടായിരിക്കും. നിർദ്ദേശങ്ങൾ വായിക്കുന്നതിനായി 15 മിനിറ്റ് അധികസമയം നൽകുന്നതാണ്. **2019 ഏപ്രിൽ 6 ന് രാവിലെ 11** മണിക്ക് മുമ്പ് തന്നെ പരീക്ഷാർത്ഥി എത്തിച്ചേരേണ്ടതാണ്.

| വിഭാഗം | ചോദ്യങ്ങളുടെ എണ്ണം | മാർക്ക് | സമയം |
|---|---|---|---|
| ബൗദ്ധിക പരീക്ഷ | 40 | 50 | 60 മിനിറ്റ് |
| അംഗഗണിത പരീക്ഷ | 20 | 25 | 30 മിനിറ്റ് |
| ഭാഷാ പരീക്ഷ | 20 | 25 | 30 മിനിറ്റ് |
| **ആകെ** | **80** | **100** | **2 മണിക്കൂർ** |

മൂന്ന് വിഭാഗങ്ങൾ അടങ്ങിയ ഒരു ചോദ്യപുസ്തകമാണ് ഓരോ അപേക്ഷകനും ലഭിക്കുക. ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന പരീക്ഷാർത്ഥിക്ക് 30 മിനുട്ട് അധിക സമയം അനുവദിക്കപെടുന്നതാണ്.

**4. ഉത്തരങ്ങൾ രേഖപ്പെടുത്തേണ്ട വിധം**

എ) ഉത്തരം രേഖപ്പെടുത്താൻ പ്രത്യേകം OMR (Optical Mark Recognition) ഷീറ്റ് നല്കുന്നതാണ്. പരീക്ഷാർത്ഥി **OMR ഷീറ്റിലെ** നിർദ്ദിഷ്ട സ്ഥാനത്ത് ഉത്തരം രേഖപ്പെടുത്തേണ്ടതാണ്. ഉത്തരങ്ങൾ അടയാളപ്പെടുത്തേണ്ടതെങ്ങനെ എന്നതിന്റെ മാതൃക **NVS**വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ബി) **നീല/കറുപ്പ് മഷിയുള്ള ബോൾ പേനകൊണ്ട് OMR** ഷീറ്റിൽ **ഉത്തരം രേഖപ്പെടുത്തണം**. പേന അപേക്ഷകർ കൊണ്ടു വരണം. **പെൻസിൽ ഉപയോഗിച്ച് ഉത്തരം രേഖപ്പെടുത്താൻ പാടില്ല.**

സി) ഓരോ ചോദ്യത്തിനും സമാനമായി നാല് ഉത്തരങ്ങൾ വീതം നല്കിയിരിക്കും അതിൽ ഒന്നു മാത്രമായിരിക്കും ശരിയുത്തരം. **പരീക്ഷാർത്ഥി ശരിയുത്തരം തിരഞ്ഞെടുത്ത് OMR ഷീറ്റിലെ ചോദ്യനമ്പറിന് നേരെയുള്ള ശരിയുത്തര ഒപ്ഷനുള്ള വട്ടം കറുപ്പിക്കേണ്ടതാണ്.** ഉദാഹരണത്തിന് **37** ാം ചോദ്യത്തിന്റെ ശരിയുത്തരം **C** ആണെങ്കിൽ **OMR** ഷീറ്റിൽ അത് രേഖപ്പെടുത്തേണ്ടത് ഇങ്ങനെയാണ്.

37. Ⓐ Ⓑ ● Ⓓ

ഡി) ഒരിക്കൽ കറുപ്പിച്ച ഉത്തരം പിന്നീട് മാറ്റാൻ പാടില്ല. അതുപോലെ **OMR** ഷീറ്റിൽ മായ്ക്കുന്നതും വെട്ടി തിരുത്തുന്നതും വൈറ്റ് മാർക്കർ ഉപയോഗിക്കുന്നതും അനുവദനീയമല്ല. അത്തരം ഉത്തരങ്ങൾ മൂല്യനിർണ്ണയം ചെയ്യുന്നതല്ല.

ഇ) നെഗറ്റീവ് മാർക്ക് ഉണ്ടായിരിക്കുന്നതല്ല.

**5. നിർദ്ദേശങ്ങളും ഉദാഹരണങ്ങളും.**

എ) പരീക്ഷാർത്ഥി ഉത്തരം എഴുതുന്നതിന് മുമ്പ് ചോദ്യപുസ്തകത്തിന്റെ കവർപേജിലും ഓരോ വിഭാഗം ചോദ്യങ്ങൾക്കും കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക. അപേക്ഷകർ തിരെഞ്ഞെടുത്ത ഭാഷയിൽ തന്നെയാണോ ചോദ്യപുസ്തകം ലഭിച്ചിട്ടുള്ളത് എന്ന് ഉറപ്പു വരുത്തുക. ഏത് ഭാഷയിൽ പരീക്ഷ എഴുതാനാണ് അപേക്ഷിച്ചിട്ടുള്ളത്; അതേ ഭാഷയിലുള്ള ചോദ്യപുസ്തകം അല്ല ലഭിച്ചത് എങ്കിൽ പരീക്ഷ തുടങ്ങുന്നതിന് മുമ്പ് ചോദ്യപുസ്തകം മാറ്റി വാങ്ങേണ്ട ഉത്തരവാദിത്തം പരീക്ഷാർത്ഥിക്ക് മാത്രമാണ്. പരീക്ഷ കഴിഞ്ഞതിന് ശേഷം ഇതുമായി ബന്ധപ്പെട്ട ഒരു പരാതിയും സ്വീകരിക്കുന്നതല്ല.

ബി) പരീക്ഷാസമയം ഇടവേള ഇല്ലാത്ത രണ്ട് മണിക്കൂർ ആയിരിക്കും. ഭിന്നശേഷി വിഭാഗത്തിൽപ്പെടുന്ന പരീക്ഷാർത്ഥിക്ക് 30 മിനുട്ട് അധിക സമയം അനുവദിക്കപെടുന്നതാണ്.

സി) പരീക്ഷയിലെ ഓരോ വിഭാഗത്തിലും നിശ്ചിത യോഗ്യതാമാർക്ക് നേടിയിരിക്കണം. ഒരു വിഭാഗത്തിൽ തന്നെ കൂടുതൽ സമയം ചെലവഴിക്കാതിരിക്കാൻ ശ്രദ്ധിക്കണം. എന്നാൽ ആകെ അനുവദിച്ചിട്ടുള്ള സമയം മനോഗതം അനുസരിച്ച് ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യം പരീക്ഷാർത്ഥിക്ക് ഉണ്ട്.

1. അഡ്മിറ്റ് കാർഡില്ലാത്തവരെ പ്രവേശനപരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല.

2. അപേക്ഷകൻ രാവിലെ 11 മണിക്ക് മുമ്പ് തന്നെ അനുവദിക്കപ്പെട്ട പരീക്ഷാമുറിയിൽ കയറിയിരിക്കണം. വൈകി വരുന്നവരെ പരീക്ഷാഹാളിൽ പ്രവേശിപ്പിക്കുന്നതല്ല.

3. ഓരോ 30 മിനുട്ടിന് ശേഷവും ബെൽ അടിക്കുന്നതാണ്.

4. പരീക്ഷയ്ക്ക് അനുവദിക്കപ്പെട്ട സമയം കഴിഞ്ഞതിനുശേഷം മാത്രമേ പരീക്ഷാർത്ഥിയെ പരീക്ഷാമുറി/ഹാൾ വിട്ടുപോകാൻ അനുവദിക്കുകയുള്ളൂ.

## പരീക്ഷാരീതി

**വിഭാഗം 1. ബൗദ്ധിക പരീക്ഷ(Mental Ability Test )**

ഇത് വാക്കുകളിലൂടെ അല്ലാത്ത പരീക്ഷ. ഈ വിഭാഗത്തിലെ ചോദ്യങ്ങൾ ആകൃതികളേയും രേഖാചിത്രങ്ങളേയും മാത്രം അടിസ്ഥാനമാക്കിയുള്ളതാണ്. പരീക്ഷാർത്ഥിയുടെ പൊതുമാനസിക വ്യാപാരങ്ങളെ വിലയിരുത്താനുള്ള ചോദ്യങ്ങൾ. 5 ചോദ്യങ്ങൾ വീതമുള്ള 10 ഭാഗങ്ങൾ ആണ് ഈ വിഭാഗത്തിലുള്ളത്. ചില മാതൃകചോദ്യങ്ങൾ താഴെ കൊടുക്കുന്നു.

**ഭാഗം– 1 ( ഒറ്റയാനെ കണ്ടെത്തുക.)**

**നിർദ്ദേശങ്ങൾ**

1 മുതൽ 4 വരെയുള്ള ചോദ്യങ്ങളിൽ ഓരോ ചോദ്യത്തിനും 4 രൂപങ്ങൾ **A, B, C, D** എന്നിങ്ങനെ നൽകിയിരിക്കുന്നു. ഈ നാല് രൂപങ്ങളിൽ 3 രൂപങ്ങൾക്ക് ഏതെങ്കിലും തരത്തിൽ സമാനതകൾ ഉണ്ട്. ഒന്ന് വ്യത്യസ്തമാണ്. വ്യത്യസ്തമായ രൂപം തിരെഞ്ഞെടുക്കുക.



**(A)** **(B)** **( C)** **(D)**

ശരിയുത്തരം (A)

### ഭാഗം –2 (രൂപ സാമ്യം)

### നിർദ്ദേശങ്ങൾ

5 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഒരു ചോദ്യരൂപം ഇടത് വശത്ത് നൽകുകയും **A, B, C, D** എന്ന് രേഖപ്പെടുത്തിയിട്ടുള്ള നാല് ഉത്തര രൂപങ്ങൾ വലത് വശത്ത് നൽകുകയും ചെയ്തിരിക്കുന്നു. ചോദ്യ രൂപമായി പൂർണ്ണമായും സാമ്യമുള്ള ഉത്തരരൂപം തിരഞ്ഞെടുക്കുക.




ശരിയുത്തരം (**C**)

ഭാഗം –3 (മാതൃകാപൂരണം)

**നിർദ്ദേശങ്ങൾ**

9 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഒരു ഭാഗം നഷ്ടപ്പെട്ട ചോദ്യരൂപം ഇടത് വശത്ത് നൽകുകയും **A, B, C, D** എന്ന് രേഖപ്പെടുത്തിയിട്ടുള്ള നാല് ഉത്തര രൂപങ്ങൾ വലത് വശത്ത് നൽകുകയും ചെയ്തിരിക്കുന്നു. ചോദ്യ രൂപത്തിലെ ചിത്രം പൂർത്തീകരിക്കുന്നതിന് നഷ്ടപ്പെട്ട ഭാഗം ദിശ മാറാതെ ഉത്തരഭാഗങ്ങളിൽ നിന്ന് കണ്ടെത്തുക..




ശരിയുത്തരം (A)

ഭാഗം –4 (ചിത്രശ്രേണീ പൂരണം)

**നിർദ്ദേശങ്ങൾ**

13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ മൂന്ന് പ്രശ്നരൂപങ്ങളും ഒരു ശൂന്യമയ ഇടവും ഇടത് വശത്ത് നൽകിയിരിക്കുന്നു. ചോദ്യ രൂപങ്ങൾ ഒരു ക്രമം പാലിക്കുന്നുണ്ട്. ശൂന്യസ്ഥലത്തിന് യോജിച്ച ക്രമം പാലിക്കുന്ന ഉത്തരം വലത് വശത്ത് നൽകിയിരിക്കുന്ന വികല്പങ്ങളിൽ നിന്ന് തിരഞ്ഞെടുക്കുക.




ശരിയുത്തരം (C)

ഭാഗം – 5 (സാദൃശ്യം)

**നിർദ്ദേശങ്ങൾ**

17 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ 2 സെറ്റ് ചോദ്യരൂപങ്ങൾ ഉണ്ട്. രണ്ടാമത്തെ സെറ്റിൽ ഒരു ചോദ്യചിഹ്നം (?) നൽകിയിരിക്കുന്നു. ഒന്നും രണ്ടും പ്രശ്നരൂപങ്ങൾ തമ്മിൽ ബന്ധമുണ്ട്. അതുപോലെ മൂന്നും നാലും പ്രശ്നരൂപങ്ങൾ തമ്മിലും ബന്ധമുണ്ട്. ചോദ്യചിഹ്നം നൽകിയിരിക്കുന്ന സ്ഥലത്തിന് യോജിച്ച ഉത്തരരൂപം കണ്ടെത്തുക.




ശരിയുത്തരം (A)

ഭാഗം – 6 ക്ഷേത്രഗണിതരൂപ പൂരണം– (ത്രികോണം, സമചതുരം, വൃത്തം)

**നിർദ്ദേശങ്ങൾ**

21 മുതൽ 24 വരെയുള്ള ചോദ്യരൂപങ്ങളിൽ ചോദ്യരൂപങ്ങളുടെ ഒരു ഭാഗം ഇടതു വശത്തും അടുത്ത ഭാഗം വലതുവശത്ത് **A, B, C, D** എന്നിങ്ങനെയുള്ള ഉത്തരരൂപങ്ങളിൽ നല്കിയിരിക്കുന്നു. ചോദ്യരൂപത്തെ സമചതുരമാക്കുന്ന ഉത്തര രൂപം കണ്ടെത്തുക.



**(A)** **(B)** **(C)** **(D)**

ശരിയുത്തരം (**A**)

ഭാഗം –7 കണ്ണാടി ബിംബം

**നിർദ്ദേശങ്ങൾ**

25 മുതൽ 28 വരെയുള്ള ചോദ്യങ്ങളിൽ ഒരു ചോദ്യരൂപം ഇടത് വശത്ത് നൽകുകയും **A, B, C, D** എന്ന് രേഖപ്പെടുത്തിയിട്ടുള്ള നാല് ഉത്തര രൂപങ്ങൾ വലത് വശത്ത് നൽകുകയും ചെയ്തിരിക്കുന്നു. XY എന്ന് അടയാളപ്പെടുത്തിയിരിക്കുന്ന സ്ഥാനത്ത് കണ്ണാടി പിടിച്ചാൽ കണ്ണാടിയിൽ കാണുന്ന ശരിയായ ബിംബം ഏതായിരിക്കും എന്ന് തിരെഞ്ഞെടുക്കുക.




ശരിയുത്തരം **(D)**

## ഭാഗം –8 തുളയ്ക്കലും മടക്കലും നിവർത്തലും

### നിർദ്ദേശങ്ങൾ

29 മുതൽ 32 വരെയുള്ള ചോദ്യങ്ങളിൽ ഒരു കടലാസ് ഇടതുവശത്തെ ചോദ്യരൂപത്തിൽ കാണുന്നത് പോലെ മടക്കുകയും തുളയ്ക്കുകയും ചെയ്താൽ മടക്ക നിവർത്തിയാൽ കിട്ടുന്ന കടലാസിന്റെ രൂപം ഏതായിരിക്കും ? വലതുവശത്ത് **A, B, C, D** എന്ന് നൽകിയിരിക്കുന്ന ഉത്തരരൂപങ്ങളിൽ നിന്ന് ശരി ഉത്തരം തിരഞ്ഞെടുക്കുക.




ശരിയുത്തരം (**A**)

## ഭാഗം –9 ഇടം മനക്കാഴ്ചയിൽ

### നിർദ്ദേശങ്ങൾ

33 മുതൽ 36 വരെയുള്ള ചോദ്യങ്ങളിൽ ഒരു ചോദ്യരൂപം ഇടത് വശത്ത് നൽകുകയും **A, B, C, D** എന്ന് രേഖപ്പെടുത്തിയിട്ടുള്ള നാല് ഉത്തര രൂപങ്ങൾ വലത് വശത്ത് നൽകുകയും ചെയ്തിരിക്കുന്നു. ചോദ്യരൂപത്തിൽ നൽകിയിരിക്കുന്ന കടലാസ് കഷണങ്ങൾ കൊണ്ട് രൂപപ്പെടുത്താവുന്ന ഉത്തര രൂപം വലതുവശത്ത് നിന്ന് തിരഞ്ഞെടുക്കുക.




ശരിയുത്തരം **(D)**

### ഭാഗം – 10 നിഗീർണ്ണ രൂപം

### നിർദ്ദേശങ്ങൾ

37 മുതൽ 40 വരെയുള്ള ചോദ്യങ്ങളിൽ ഒരു ചോദ്യരൂപം ഇടത് വശത്ത് നൽകുകയും **A, B, C, D** എന്ന് രേഖപ്പെടുത്തിയിട്ടുള്ള നാല് ഉത്തര രൂപങ്ങൾ വലത് വശത്ത് നൽകുകയും ചെയ്തിരിക്കുന്നു. ചോദ്യരൂപം ഒളിച്ചിരിക്കുന്ന/ അടങ്ങിയിട്ടുള്ള ഉത്തരരൂപം കണ്ടെത്തുക.




ശരിയുത്തരം (**B**)

## വിഭാഗം –2: അംഗഗണിത പരീക്ഷ

ഈ പരീക്ഷയുടെ മുഖ്യ ഉദ്ദേശ്യം പരീക്ഷാർത്ഥിക്ക് അംഗ ഗണിതത്തിലുള്ള അടിസ്ഥാന കഴിവുകൾ അളക്കുകയാണ്. താഴെ കൊടുത്തിരിക്കുന്ന 15 വിഷയങ്ങളെ ആസ്പദമാക്കിയായിരിക്കും ഈ പരീക്ഷയിലെ 20 ചോദ്യങ്ങളും.

1. സംഖ്യയും സംഖ്യാ വ്യവസ്ഥയും
2. പൂർണ്ണസംഖ്യകളിലുള്ള നാല് അടിസ്ഥാനക്രിയകൾ
3. ഭിന്നസംഖ്യയിലുള്ള നാല് അടിസ്ഥാനക്രിയകൾ
4. ഘടകങ്ങളും ഗുണിതങ്ങളും അവയുടെ പ്രത്യേകതകളും.
5. സംഖ്യകളുടെ ല.സാ.ഗു വും, ഉ.സാ.ഘ.യും
6. ദശാംശങ്ങളും അവയിലുള്ള അടിസ്ഥാനക്രിയകളും
7. ഭിന്നസംഖ്യകളെ ദശാംശങ്ങളും നേരെ മറിച്ചും ആക്കൽ.
8. നീളം, ഭാരം, പിണ്ഡം, വ്യാപ്തം, സമയം, രൂപം മുതലായവ കണക്കാക്കുവാൻ സംഖ്യകളുടെ പ്രയോഗം.
9. അകലം, സമയം, വേഗത
10. അംഗഗണിത വിവരങ്ങളുടെ ഉദ്ദേശമാപനം.
11. സംഖ്യാവിവരങ്ങളുടെ ലഘൂകരിക്കൽ
12. ശതമാനവും, അതിന്റെ പ്രയോഗവും.
13. ലാഭവും നഷ്ടവും.
14. സാധാരണ പലിശ.
15. ചുറ്റളവ്, വിസ്തീർണ്ണം, വ്യാപ്തം.

കുറിപ്പ്: മേൽപ്പറഞ്ഞ ആശയങ്ങളിലും പ്രാവീണ്യങ്ങളിലുമുള്ള ജ്ഞാനവും പ്രയോഗ ശക്തിയും പരിശോധിക്കുന്നതിലായിരിക്കും ഊന്നൽ നൽകുക.

അംഗഗണിത പരീക്ഷയിൽ വരാവുന്ന ചോദ്യങ്ങളുടെ മാതൃക മനസിലാക്കാൻ പരീക്ഷാർത്ഥിക്ക് മാർഗ്ഗനിർദ്ദേശം ലഭിക്കുവാൻ ചില ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

**ഉദാഹരണം –1 (ജ്ഞാനം പരിശോധിക്കുന്നു.)**

1000 ത്തിന്റെ അഭാജ്യഘടകങ്ങൾ ഏവ ?

A. 10 x 10 x 10
B. 2 x 5 x 5x 10
C. 2 x 2 x 2 x 5 x 5
D. 2 x 2 x 2 x 5 x 5 x 5

ഒരു സംഖ്യയുടെ അഭാജ്യഘടകങ്ങളുടെ ഗുണിതഫലം ആ സംഖ്യ തന്നെ ആയിരിക്കണം. അതിനാൽ തന്നിരിക്കുന്ന ഉത്തരങ്ങളിൽ **D** യാണ് ശരിയുത്തരം.

**ഉദാഹരണം –2 (ജ്ഞാനം പരിശോധിക്കുന്നു.)**

ആദ്യത്തെ നാല് ഒറ്റസംഖ്യകളുടെ ശരാശരി എത്ര ?

A. 2.5
B. 4
C. 5
D. 16

ആദ്യത്തെ നാല് ഒറ്റ സംഖ്യകൾ 1,3,5,7 എന്നിവയാണ്. അവയുടെ ശരാശരി 1+3+5+7/4=4 ആണ്. അതിനാൽ ഉത്തരം വികല്പം **B** ആണ്.

**ഉദാഹരണം –3 (പ്രയോഗ ശക്തി അളക്കുന്നു)**

ഒരു കിലോമീറ്റർ നീളമുള്ള ചരക്ക് വണ്ടി 3 മിനുറ്റിനുള്ളിൽ 1 കി.മീ. വേഗതയിൽ ഓടുന്നു. എന്നാൽ 2.കി.മീ. നീളമുള്ള ഒരു തുരങ്കം കടക്കാൻ ഈ തീവണ്ടി എത്ര സമയം എടുക്കും.?

A. 1. മിനുട്ട്
B. 3. മിനുട്ട്
C. 6. മിനുട്ട്
D. 9. മിനുട്ട്

തുരങ്കത്തിന് 2.കി.മീ. നീളവും ട്രെയിനിന് 1.കി.മീ. നീളവുമുണ്ട്. തുരങ്കത്തിലൂടെ കടക്കാൻ അതിനാൽ തീവണ്ടിക്ക് 3. കി.മീ. ഓടണം. 1. കി.മീ. ഓടാൻ 3.മിനുട്ട് വേണ്ടി വരുന്നതിനാൽ തീവണ്ടി തുരങ്കം കടക്കാൻ ആകെ ഒമ്പത് മിനുട്ട് സമയമെടുക്കും. അതിനാൽ 9 മിനുട്ട് എന്ന വികല്പം **D** ആണ് ശരിയായ ഉത്തരം.

## വിഭാഗം –3 : ഭാഷാപരീക്ഷ

ഈ പരീക്ഷയുടെ മുഖ്യ ഉദ്ദേശ്യം പരീക്ഷാർത്ഥിയുടെ വായനാഗ്രഹണ ശക്തി വിലയിരുത്തലാണ്. ഈ പരീക്ഷയിൽ നാല് പ്രസക്ത ഗദ്യഭാഗങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഓരോ ഗദ്യഭാഗത്തിനും ശേഷം 5 വീതം ചോദ്യങ്ങൾ ഉണ്ടായിരിക്കും. പരീക്ഷാർത്ഥികൾ തന്നിട്ടുള്ള ഗദ്യഭാഗങ്ങൾ ശ്രദ്ധിച്ച് വായിച്ച് ഗ്രഹിച്ച് താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങളുടെ ഉത്തരം കണ്ടെത്തണം. കുട്ടിയുടെ വ്യാകരണത്തിലും എഴുത്തിലും ഉള്ള നൈപുണ്യം അളക്കുന്നതിന് 10 ചോദ്യങ്ങൾ കൂടി ഉണ്ടായിരിക്കുന്നതാണ്.

**താഴെ ഗദ്യഭാഗവും ചോദ്യങ്ങളും മാതൃകയ്ക്കായ് കൊടുത്തിരിക്കുന്നു.**

**ഗദ്യഭാഗം**

വനം നമുക്ക് പല തരത്തിൽ പ്രയോജനപ്രദമാണ്. അവ നമുക്ക് വീടുകളും ഉപകരണങ്ങളും ഉണ്ടാക്കാൻ തടി തരുന്നു. കൂടാതെ വനം ഇന്ധനത്തിനും കടലാസ് നിർമ്മാണത്തിനുമുള്ള തടിയും നല്കുന്നു. അവ പക്ഷി മൃഗാദികൾക്കും ചെറുകീടങ്ങൾക്കും പാർപ്പിടം നൽകുന്നു. വനം മഴ പെയ്യാൻ സഹായിക്കുന്നു. ആവാസവ്യവസ്ഥയുടെ പരിപാലനത്തിന് വനങ്ങളുടെ നിലനിൽപ്പ് വളരെ പ്രധാനപ്പെട്ടതാണ്. നാം ആവാസ വ്യവസ്ഥ സംരക്ഷിക്കേണ്ടതാണെന്ന സത്യം നിസ്തർക്കമാണ്. പരിസ്ഥിതിയുടേയും വിഭവങ്ങളുടേയും ബുദ്ധിപൂർവ്വമായ ഉപയോഗം മനുഷ്യവർഗ്ഗത്തിന്റെ ഭാവി നിലനില്പ്പിന് അത്യാവശ്യമാണ്.

1. ആവാസ വ്യവസ്ഥയുടെ പരിപാലനത്തിന് ........................ നിലനിൽപ്പ് അത്യാവശ്യമാണ്.
   A. വനങ്ങളുടെ
   B. മൃഗങ്ങളുടെ
   C. മനുഷ്യരുടെ
   D. വിഭവങ്ങളുടെ

   ശരിയുത്തരം (**A**)

2. സംരക്ഷണം എന്ന ശബ്ദത്തിന്റെ വിപരീതം .............. ആണ്.
   A. സംരക്ഷണം
   B. നിർമ്മാണം
   C. പാർപ്പിടം
   D. നശീകരണം

   ശരിയുത്തരം (**D**)

3. താഴെ കൊടുത്തിരിക്കുന്നതിൽ ഏതാണ് 'ജ്ഞാനി' യുടെ സമാനാർത്ഥമല്ലാത്ത പദം ?
   A. വിവേചനശക്തിയുള്ള
   B. നർമ്മബോധമുള്ള
   C. ബുദ്ധിയുള്ള
   D. ന്യായബോധമുള്ള

   ശരിയുത്തരം (**B**)

4. മരയാശാരി വനങ്ങളെ ആശ്രയിക്കുന്നത് അവ ............ നൽകുന്നത് കൊണ്ടാണ്.
   A. തടിയും ഇന്ധനവും
   B. കടലാസ് നിർമ്മാണത്തിന് തടി
   C. ഉപകരണങ്ങൾ ഉണ്ടാക്കുന്നതിന് തടി.
   D. മൃഗങ്ങൾക്ക് പാർപ്പിടം

   ശരിയുത്തരം (**C**)

5. ................ വന്യമൃഗങ്ങൾ പാർപ്പിട രഹിതരാകും.
   A. പേപ്പർമില്ലുകൾ നശിപ്പിച്ചാൽ
   B. വീടുകൾ നിർമ്മിച്ചാൽ
   C. വനങ്ങൾ നശിപ്പിച്ചാൽ
   D. പരിസ്ഥിതി സംരക്ഷിച്ചാൽ

   ശരിയുത്തരം (**C**)

## അപേക്ഷാ ഫോറം അപ്‌ലോഡ് ചെയ്യുന്നതിനുള്ള ചില പ്രധാന മാർഗ്ഗനിർദ്ദേശങ്ങൾ

ജവഹർ നവോദയ വിദ്യാലയത്തിൽ ൬ാം ക്ലാസ്സ് പ്രവേശനത്തിനുള്ള അപേക്ഷാഫോറം സ്വയം വിവരണാത്മകമാണ്. എങ്കിലും വിദ്യാർത്ഥികളുടെയും രക്ഷാകർത്താക്കളുടെയും സവിശേഷ ശ്രദ്ധയ്ക്ക് ചിലമാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

1. വിവരണപത്രിക ശ്രദ്ധാപൂർവ്വം വായിക്കുക. നിശ്ചിത ജനന തീയ്യതി **(1/5/2006 നും 30/4/2010 നും ഇടയ്ക്ക്)** ഒരുഅംഗീകൃത വിദ്യാലയത്തിലെ ( ഗവ:/ഗവ;എയിഡഡ്/ഗവ: അംഗീകൃതം/ അധികാരപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ/നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്ഓപ്പൺ സ്ക്കൂളുകൾ) 3,4,5 ക്ലാസ്സുകളിലെ വിദ്യാഭ്യാസം മുതലായ യോഗ്യതകൾ ഉറപ്പാക്കിക്കൊണ്ട് പൂർണ്ണ വിവരങ്ങൾ നൽകി അപേക്ഷാഫോറം പൂരിപ്പിക്കേണ്ടതാണ്.

2. അപേക്ഷ അപ്‌ലോഡ് ചെയ്യുമ്പോൾ അറ്റാച്ച് ചെയ്യാനുള്ള ‘സെൽഫ് ഡിക്ലറേഷൻ സർട്ടിഫിക്കറ്റി’ൽ വിവരങ്ങൾ അതായത് പൊതുവിഭാഗം, പട്ടികജാതി, പട്ടികവർഗ്ഗം, മറ്റു പിന്നോക്ക വിഭാഗം, ഭിന്നശേഷി തുടങ്ങിയവ ശ്രദ്ധാപൂർവ്വം പൂരിപ്പിക്കുക. അപേക്ഷാഫോറത്തിൽ പട്ടികജാതി/ പട്ടികവർഗ്ഗം എന്ന് രേഖപ്പെടുത്തുകയും എന്നാൽ യഥാർത്ഥത്തിൽ അങ്ങനെ അല്ലാതിരിക്കുകയും ചെയ്താൽ ആ വിദ്യാർത്ഥിയുടെ പ്രവേശനം റദ്ദു ചെയ്യപ്പെടുന്നതാണ്.

3. (a) ജനന തീയതി അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തണം. വിദ്യാലയ റെക്കോർഡിൽ കാണുന്ന കൃത്യമായ ജനന തീയതി തന്നെ രേഖപ്പെടുത്തേണ്ടതാണ്. അതിൽ നിന്ന് വ്യത്യസ്തമായി ജനന തീയതി രേഖപ്പെടുത്തിയതായി പിന്നീടു തെളിഞ്ഞാൽ അപേക്ഷകനെ അയോഗ്യനാക്കുന്നതാണ്.

   (b) അപേക്ഷകനെ തിരിച്ചറിയുന്നതിനുള്ള വ്യക്തമായതും സ്ഥിരമായതുമായ അടയാളം അപേക്ഷാ ഫോറത്തിൽ രേഖപ്പെടുത്തണം.

4. ജെ.എൻ.വി. പ്രവേശനപ്പരീക്ഷയുടെ അപേക്ഷ അപ്‌ലോഡ് ചെയ്യുമ്പോൾ അപേക്ഷന്റേയും പിതാവ്/ രക്ഷിതാവിന്റേയും ഒപ്പ് കൂടി അപ്‌ലോഡ് ചെയ്യേണ്ടതാണ്.
5. ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയ്യതി **30 നവംബർ 2018**

**പ്രത്യേക ശ്രദ്ധയ്ക്ക്**

കോളങ്ങൾ പൂരിപ്പിക്കാതെ വിട്ടാലും വിവരങ്ങൾ അപൂർണ്ണമായാലും അപേക്ഷ നിരസിക്കപ്പെടും. വിദ്യാഭ്യാസം. പ്രായം പ്രത്യേക വിഭാഗങ്ങൾ (പട്ടികജാതി/പട്ടികവർഗ്ഗം/ഭിന്നശേഷി) പ്രത്യേക പ്രദേശങ്ങൾ (ഗ്രാമം/പട്ടണം) എന്നിവയിൽ പ്രസക്തമായ നിബന്ധനകൾ പാലിക്കുന്നുവെന്ന് അപേക്ഷകൻ ഉറപ്പുവരുത്തണം. യഥാർത്ഥ അപേക്ഷയിൽ കാണിച്ചിരിക്കുന്ന ഏതെങ്കിലും വിവരങ്ങൾ തെറ്റാണെന്നോവിശ്വാസയോഗ്യമല്ലെന്നോ പിന്നിടുള്ള അവലോകനങ്ങളിൽ എപ്പോഴെങ്കിലും തെളിഞ്ഞാൽ അപേക്ഷകൻ പ്രവേശന പരീക്ഷയിൽ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെങ്കിൽ കൂടി പ്രവേശനം നിഷേധിക്കാനും തെറ്റായ വിവരങ്ങൾ/തെറ്റായ പ്രമാണങ്ങൾ നൽകി പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ പ്രവേശനം റദ്ദുചെയ്യുവാനും, ആ വിദ്യാർത്ഥിക്ക് പഠിച്ച കാലയളവിൽ നവോദയവിദ്യാലയത്തിൽ പഠിക്കുവാൻ ചെലവാക്കിയ സംഖ്യ രക്ഷിതാക്കളിൽ നിന്ന് ഈടാക്കുവാനും നവോദയ വിദ്യാലയ സമിതിക്ക് അധികാരമുള്ളതാകുന്നു. അക്കാര്യത്തിൽ നവോദയ വിദ്യാലയ സമിതിയുടെ തീരുമാനം അന്തിമവും അപേക്ഷകന് ബാധകവുമായിരിക്കും. ഇക്കാര്യത്തിൽ യാതൊരുവിധ കത്തിടപാടുകളും നടത്തുന്നതല്ല.

# <u>സ്ഥിരവാസ സർട്ടിഫിക്കറ്റ് (Residence Certificate)</u>

- **NIOS വഴി പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ഉപയോഗിക്കാൻ.**

(യോഗ്യത നേടിയ കുട്ടിയെ ജെ.എൻ.വി. യിൽ പ്രവേശിപ്പിക്കുമ്പോൾ രക്ഷിതാവ് സമർപ്പിക്കേണ്ടത്)

..........................................ജവഹർ നവോദയ വിദ്യാലയം , ജില്ല........................................ സംസ്ഥാനം .................................... നിന്നുള്ള സൂചന പ്രകാരം, സൂചന ലെറ്റർ.നമ്പർ....................... തീയ്യതി എന്റെ കുട്ടി മാസ്റ്റർ/കുമാരി ....................................................... ജെ.എൻ.വി........................... ജില്ല............................... സംസ്ഥാനം /കേ.ഭ.പ്രദേശം ആറാം ക്ലാസ്സിലേക്ക്.........................................അധ്യയന വർഷത്തിൽ പ്രവേശനയോഗ്യത നേടിയിരിക്കുന്നു.

ഞാൻ എന്റെ മേൽപ്പറഞ്ഞ കുട്ടിയോടൊപ്പം താഴെക്കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ ................................ മുതൽ താമസിച്ച് വരുന്നു.

***താമസിക്കുന്ന പ്രദേശം ജില്ലയിലെ ഗ്രാമ/നഗര വിഭാഗത്തിൽ പെടുന്നു**

വില്ലേജ്.....................................................................................

പട്ടണം .....................................................................................

ജില്ല ..........................................................................................

സംസ്ഥാനം ..............................................................................

പിൻകോഡ്................................................................................

മുകളിൽ കൊടുത്തിരിക്കുന്ന എല്ലാ വിവരങ്ങളും ശരിയാണെന്നും യാതൊരു വസ്തുതയും ഗോപ്യമാക്കി വെച്ചിട്ടില്ല എന്നും ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം

തീയ്യതി

രക്ഷിതാവിന്റെ ഒപ്പ്

മുഴുവൻപേര്

മേൽവിലാസം

## <u>സർട്ടിഫിക്കറ്റ്</u>

(ജില്ലാ അതോറിറ്റിയാൽ പൂരിപ്പിക്കേണ്ടതും എസ്.ഡി.എം./ തഹ്സിൽദാർ ഒപ്പിട്ട് ജെ.എൻ.വി. പ്രവേശപരീക്ഷയിലൂടെ യോഗ്യത നേടിയ കുട്ടിയെ ആറാം ക്ലാസ്സിൽ പ്രവേശിപ്പിക്കുമ്പോൾ നൽകേണ്ട സർട്ടിഫിക്കേറ്റ്.)

ശ്രീ/ശ്രീമതി.................................................................അവരുടെ മകൻ/മകൾ മാസ്റ്റർ/കുമാരി ......................................................ആറാം തരത്തിലേക്ക് ജെ.എൻ.വി.......................................... ജില്ല......................................................തിരഞ്ഞെടുക്കപ്പെട്ടു. അതുമായി ബന്ധപ്പെട്ട മുകളിൽ സമർപ്പിച്ച വിവരങ്ങൾ രേഖകൾ പ്രകാരം പരിശോധിക്കുകയും ശരിയാണെന്ന് കണ്ടെത്തുകയും ചെയ്തത് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. കൂടാതെ അവരുടെ താമസ സ്ഥലം സ്ഥിതി ചെയ്യുന്നത് ...................................... ജില്ലയിലെ ( ഗ്രാമം/ നഗരം ) പ്രദേശത്താണ്.

***താമസിക്കുന്ന പ്രദേശം ............................................ ജില്ലയിലെ ഗ്രാമ/നഗര വിഭാഗത്തിൽ പെടുന്നു.**

**ഒപ്പ്**

**എസ്.ഡി.എം./ തഹ്സിൽദാർ**

| പാസ്പോർട്ട് സൈസിലുള്ള ഫോട്ടോ പതിപ്പിക്കുക |
|---|

# ജവഹർ നവോദയ വിദ്യാലയ പ്രവേശന പരീക്ഷ– 2019
## സർട്ടിഫിക്കറ്റ്

**ഓൺലൈൻ അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയ്യതി 30.11. 2018**

........................................................................................................................... (കുട്ടിയുടെ പേര്)

........................................................................................................................... ൽ(സ്ക്കൂളിന്റെ പേര്)

5 ാ ം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥിയാണെന്നും ജവഹർ നവോദയ വിദ്യാലയ പ്രവേശനപ്പരീക്ഷ–2019 ന് അപേക്ഷ അയക്കാൻ താല്പര്യമുണ്ടെന്നും താഴെ കൊടുത്ത വിവരങ്ങൾ സത്യമാണെന്നും ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

<table>
<tr><td colspan="9">അപേക്ഷകന്റെ പേര് :</td></tr>
<tr><td colspan="9">അച്ഛന്റെ പേര് :</td></tr>
<tr><td colspan="9">അമ്മയുടെ പേര് :</td></tr>
<tr><td colspan="9">രക്ഷാകർത്താവിന്റെ പേര്, ബന്ധം :</td></tr>
<tr><td rowspan="3">ജനന തീയ്യതി</td><td colspan="8">അക്കത്തിൽ</td><td rowspan="3">അക്ഷരത്തിൽ</td></tr>
<tr><td>D</td><td>D</td><td>M</td><td>M</td><td>Y</td><td>Y</td><td>Y</td><td>Y</td></tr>
<tr><td></td><td></td><td></td><td></td><td></td><td></td><td></td><td></td></tr>
</table>

| വിഭാഗം | ആൺ | പെൺ | ട്രാൻസ്ജെന്റർ | ജനറൽ | പട്ടികജാതി | പട്ടികവർഗ്ഗം | പിന്നോക്കവർഗ്ഗം |
|---|---|---|---|---|---|---|---|
| | | | | | | | |

| ഭിന്നശേഷി | ശാരീരിക വൈകല്യം | അന്ധത | ബധിരത |
|---|---|---|---|
| | | | |

<table>
<tr><td colspan="2">കുട്ടിയെതിരിച്ചറിയുന്നതിനുള്ള അടയാളം:</td></tr>
<tr><td>മേൽവിലാസം:</td><td>മൊബൈൽ ഇ–മെയിൽഐ.ഡി</td></tr>
</table>

| പൗരത്വം | മതം | പരീക്ഷ എഴുതുന്ന ഭാഷ<br>(ഓരോ സംസ്ഥാനത്തും അനുവദിക്കപ്പെട്ടിട്ടുള്ള ഭാഷകളിൽ ഒന്ന്) |
|---|---|---|
| | | |

| | ക്ലാസ്സ് III | ക്ലാസ്സ് IV | ക്ലാസ്സ് V |
|---|---|---|---|
| വിദ്യാലയത്തിന്റെ പേര് | | | |
| വിദ്യാലയത്തിന്റെ കാറ്റഗറി (അംഗീകൃതമാണോ അല്ലയോ) | | | |
| വിദ്യാലയം സ്ഥിതി ചെയ്യുന്നത് ( ഗ്രാമം/ നഗരം ) | | | |
| ചേർന്ന മാസവുംവർഷവും | | | |
| ജയിച്ച മാസവും വർഷവും | | | |
| ബ്ലോക്കിന്റെ പേര് | | | |
| ജില്ലയുടെ പേര് | | | |
| സംസ്ഥാനം | | | |

എന്റെ കുട്ടി, പഠിച്ച/പഠിച്ചുകൊണ്ടിരിക്കുന്നതായ സ്കൂൾ ഗവ: അംഗീകൃതമാണെന്നും NVS ആവശ്യപ്പെടുന്ന എല്ലാ യോഗ്യതാമാനദണ്ഡങ്ങൾക്ക നുസരിച്ച് അർഹത നേടിയിട്ടുണ്ട് എന്നും ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.3,4,5 ക്ലാസുകളിൽ ഒരു ദിസവമെങ്കിലും നഗരപ്രദേശത്തുള്ള വിദ്യാലയ ത്തിൽ പഠിച്ചിട്ടുണ്ടെങ്കിൽ അപേക്ഷകൻ നഗര വിഭാഗത്തിൽപ്പെടുന്നതാണ് എന്നും മുകളിൽ തന്നിരിക്കുന്ന വിവരങ്ങൾ തെറ്റാണ് എന്ന് ഏതെങ്കിലും അവസരത്തിൽ ബോധ്യപ്പെട്ടാൽ അപേക്ഷകൻ നവോദയയിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ പോലും അയോഗ്യനാവുകയും പ്രവേശനം റദ്ദു ചെയ്യുന്നതുമായിരിക്കും എന്നും ഞാൻ മനസ്സിലാക്കുന്നു.

| അപേക്ഷകന്റെ ഒപ്പ് | രക്ഷിതാവിന്റെ ഒപ്പ് |
|---|---|
| | |

(NIOS വഴിയുള്ള വിദ്യാർഥികൾ താമസിക്കുന്ന സ്ഥലം ആയിരിക്കും ഗ്രാമ/നഗര വിഭാഗത്തിലേക്ക് പരിഗണിക്കുക.)

വിവരങ്ങൾ സ്ക്കൂൾ രേഖകൾ പ്രകാരം ശരിയാണ് എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹെഡ്മാസ്റ്ററുടെ ഒപ്പും മുദ്രയും